2026
FEBRUARY
19
THURSDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
Home Delivery

# എ.ഐ അടിസ്ഥാന സൗകര്യം ശക്തിപ്പെടുത്തൽ 20,000 ജിപിയുകൾ കൂടി ഇന്ത്യ കൂട്ടിച്ചേർക്കും

**ന്യൂഡൽഹി:** ദേശീയ എ.ഐ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനായി നിലവിലുള്ള 38,000 ഡിപിയുകൾക്ക് പുറമേ 20,000 ജിപിയുകൾ കൂടി ഇന്ത്യ കൂട്ടിച്ചേർക്കുമെന്ന് കേന്ദ്ര ഇലക്ട്രോണിക്സ്, വിവരസാങ്കേതിക മന്ത്രി അശ്വിനി വൈഷ്ണവ്. 2026ലെ ഇന്ത്യ എ.ഐ ഇംപാക്റ്റ് ഉച്ചകോടിയിലായിരുന്നു പ്രഖ്യാപനം വരും ആഴ്ചകളിൽ 20,000 ജിപിയുകൾ കൂടി കൂട്ടിച്ചേർക്കുന്നതോടെ ഇന്ത്യയുടെ കമ്പ്യൂട്ട് ശേഷി നിലവിലുള്ള 38,000ത്തിന് അപ്പുറത്തേക്ക് വിപുലീകരിക്കും. കമ്പ്യൂട്ട് അടിസ്ഥാന സൗകര്യങ്ങളുടെ ഗണ്യമായ വിപുലീകരണവും ഉത്തരവാദിത്തമുള്ള നിർമ്മിതബുദ്ധി വിന്യാസവും ലക്ഷ്യമിടുന്ന ഇന്ത്യയുടെ എഐ തന്ത്രത്തിന്റെ അടുത്ത ഘട്ടമാണിതെന്ന് അദ്ദേഹം എടുത്തുപറഞ്ഞു. ഉത്തരവാദിത്തമുള്ള എഐ വികസനത്തിലും നിർമ്മിതബുദ്ധിയുടെ ഗുണഫലങ്ങൾ എല്ലാവർക്കും ലഭിക്കുന്നുമെന്ന് ഉറപ്പാക്കുന്നതിനായി ആരോഗ്യ പരിപാലനം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലുടനീളമുള്ള അതിന്റെ വ്യാപകമായ വിന്യാസത്തിലുമാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

മറ്റ് പല രാജ്യങ്ങളിലും എഐ അടിസ്ഥാന സൗകര്യങ്ങൾ ചുരുക്കം ചില കമ്പനികളുടെ നിയന്ത്രണത്തിലാണെങ്കിൽ, ഇന്ത്യ അതിന്റെ ജനസംഖ്യയുടെ വലിയൊരു വിഭാഗത്തിന് എഐ കമ്പ്യൂട്ട് ആക്സസ് നൽകിയിട്ടുണ്ട്. അടുത്ത രണ്ട് വർഷത്തിനുള്ളിൽ 200 ബില്യൺ ഡോളറിലധികം മൂല്യമുള്ള നിക്ഷേപം വരാൻ സാധ്യതയുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ഡീപ്പ്ടെക് സ്റ്റാർട്ടപ്പുകളോടുള്ള വെഞ്ചർ ക്യാപിറ്റൽ സ്ഥാപനങ്ങളുടെ പ്രതിബദ്ധത അദ്ദേഹം ചൂണ്ടിക്കാട്ടുകയും എഐ സ്റ്റാക്കിന്റെ അഞ്ച് തലങ്ങളിലുടനീളം നിക്ഷേപങ്ങൾ ഒഴുകിവരികയാണെന്നും അദ്ദേഹം പറഞ്ഞു. വലിയ പരിഹാരങ്ങൾക്കും പ്രധാന ആപ്ലിക്കേഷനുകൾക്കുമായി




വെഞ്ചർ ക്യാപിറ്റൽ സ്ഥാപനങ്ങളും മറ്റ് പങ്കാളികളും ഫണ്ട് മാറ്റിവെയ്ക്കുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഐടി വ്യവസായം ഇന്ത്യയുടെ ഏറ്റവും വലിയ കരുത്തുകളിൽ ഒന്നാണെന്നും സാങ്കേതികവിദ്യയിലെ ഓരോ മാറ്റവും വ്യവസായം, അക്കാദമിക് മേഖല, സർക്കാർ എന്നിവ സംയുക്തമായി കൈകാര്യം ചെയ്യണമെന്നും മന്ത്രി പറഞ്ഞു.

നിലവിൽ മൂന്ന് മേഖലകളിലാണ് പ്രവർത്തനം നടന്നുവരുന്നത്. നിലവിലുള്ള തൊഴിൽ സേനയുടെ നൈപുണ്യ വികസനവും പുനർനൈപുണ്യവും, പുതിയ പ്രതിഭകളെ സൃഷ്ടിക്കൽ, ഭാവി തലമുറ ഉയർന്നുവരുന്ന സാങ്കേതികവിദ്യകൾക്കായി സജ്ജരാണെന്ന് ഉറപ്പാക്കൽ എന്നിവയാണവ. ഈ മൂന്ന് ശ്രമങ്ങളും സമാന്തരമായി പുരോഗമിക്കുകയാണ്. വൈദ്യുതി ഉത്പാദന ശേഷിയുടെ 50 ശതമാനത്തിലധികവും ശുദ്ധമായ സ്രോതസ്സുകളിൽ നിന്ന് ലഭിക്കുന്ന അപൂർവ്വം രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യയെന്ന് ചൂണ്ടിക്കാട്ടി. നിലവിൽ ഇത് ഏകദേശം 51 ശതമാനമാണ്, ഇത് രാജ്യത്തിന് ഗണ്യമായ നേട്ടം പ്രദാനം ചെയ്യുന്നു.

മൂന്ന് വർഷം മുമ്പ് ആരംഭിച്ച ഫ്യൂച്ചർ സ്കിൽസ് പ്രോഗ്രാം ഇപ്പോൾ എഐ അധിഷ്ഠിത പുനർനൈപുണ്യ വികസനത്തിനായി ഉപയോഗിക്കുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. പ്രതിഭകളുടെ ലഭ്യത പുതുമയുള്ളതായി നിലനിർത്തുന്നതിനും യുവജനങ്ങൾക്ക് പുതിയ അവസരങ്ങൾ ലഭ്യമാക്കുന്നതിനും പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനായി വിദ്യാഭ്യാസ മന്ത്രാലയവും എഐ സിടിഇ യും പ്രവർത്തിക്കുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇന്ത്യയുടെ തദ്ദേശീയ എഐ മോഡലുകളെ സംബന്ധിച്ച്, ഉച്ചകോടിയിൽ അവതരിപ്പിച്ച നിരവധി മോഡലുകൾ ഒന്നിലധികം മാനദണ്ഡങ്ങൾ പ്രകാരം പരീക്ഷിക്കപ്പെട്ടവയും അളക്കപ്പെട്ടവയുമാണെന്ന് മന്ത്രി പറഞ്ഞു.

ആഗോള മോഡലുകളുമായി താരതമ്യം ചെയ്യുമ്പോൾ, പല ഇന്ത്യൻ മോഡലുകളും പ്രമുഖ അന്താരാഷ്ട്ര എഐ സംവിധാനങ്ങളേക്കാൾ മികച്ചതായി വിലയിരുത്തപ്പെട്ടിട്ടുണ്ടെന്നും ഇത് ഇന്ത്യയുടെ നവീകരണ ശേഷിയെ അടിവരയിടുന്നതാണെന്നും അദ്ദേഹം എടുത്തുപറഞ്ഞു. ആഗോളതലത്തിലെ മികച്ച മൂന്ന് എഐ രാജ്യങ്ങളിൽ ഒന്നായി സ്റ്റാൻഫോർഡ് ഇന്ത്യയെ റാങ്ക് ചെയ്തതായും അദ്ദേഹം സൂചിപ്പിച്ചു. എഐയുടെ ദുരുപയോഗത്തിനു ള്ള സാധ്യത അംഗീകരിച്ചുകൊണ്ട്, ദോഷകരമായ പ്രത്യാഘാതങ്ങൾ കുറയ്ക്കുന്നതിനോടൊപ്പം എഐ നല്ല കാര്യങ്ങൾക്കായി ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനു ള്ള ഒരു സാങ്കേതികനിയമ സമീപനത്തിന്റെ പ്രാധാന്യം മന്ത്രി എടുത്തുപറഞ്ഞു. ഈ സമീപനം സാങ്കേതിക പരിഹാരങ്ങളെ നിയന്ത്രണ ചട്ടക്കൂടുകളുമായി സംയോജിപ്പിക്കുന്നു. ഒന്നിലധികം അക്കാദമിക് സ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തിക്കുന്ന ഇന്ത്യയുടെ എഐ സേഫ്റ്റി ഇൻസ്റ്റിറ്റിയൂട്ട് എന്ന വിർച്വൽ ഇൻസ്റ്റിറ്റിയൂട്ട്, എഐ ദുരുപയോഗം തടയുന്നതിനുള്ള സാങ്കേതിക പരിഹാരങ്ങൾ വികസിപ്പിക്കുന്നുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. നിർമ്മിതബുദ്ധി അഞ്ചാം വ്യാവസായിക വിപ്ലവത്തിന് കരുത്ത് പകരുന്നതായും അത് സമ്പദ്വ്യവസ്ഥയുടേയും സമൂഹത്തിന്റേയും എല്ലാ മേഖലകളേയും സ്വാധീനിക്കുമെന്നും മന്ത്രി ചൂ ണ്ടിക്കാട്ടി.

ആരോഗ്യ പരിപാലനം കൂടുതൽ താങ്ങാനാവുന്നതാക്കി മാറ്റാൻ കഴിയുന്ന, ഉച്ചകോടിയിൽ പ്രദർശിപ്പിച്ച ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട പരിഹാരങ്ങളേയും, ഓരോ വിദ്യാർത്ഥിക്കും അനുയോജ്യമായ രീതിയിലുള്ള പഠനം സാധ്യമാക്കുന്ന വിദ്യാഭ്യാസ പരിഹാരങ്ങളേയും അദ്ദേഹം ഉദാഹരണമായി ചൂണ്ടിക്കാട്ടി. സെമികണ്ടക്ടർ 2.0 യിൽ രൂപകൽപ്പനയ്ക്കായിരിക്കും പ്രാഥമിക മുൻഗണനയെന്ന് അദ്ദേഹം പറഞ്ഞു. നിലവിലെ നവീകരണ പ്രവർത്തനങ്ങളുടേയും വികസന ശ്രമങ്ങളുടേയും ഫലമായി വരും വർഷങ്ങളിൽ ഇന്ത്യയിൽ നിന്ന് കുറഞ്ഞത് 50 ഡീപ്പ്ടെക് സ്റ്റാർട്ടപ്പുകളെങ്കിലും ഉയർന്നുവരുമെന്ന് അദ്ദേഹം പറഞ്ഞു. ഉച്ചകോടിയുടെ ആദ്യ ദിനത്തിൽ 2.5 ലക്ഷത്തിലധികം വിദ്യാർത്ഥികൾ ഉത്തരവാദിത്തമുള്ള നവീകരണത്തിനായി എഐ ഉപയോഗിക്കുമെന്ന് പ്രതിജ്ഞയെടുത്തതായി മന്ത്രി അറിയിച്ചു. ഈ സംരംഭം ഗിന്നസ് വേൾഡ് റെക്കോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുമെന്നും കേന്ദ്രമന്ത്രി ചൂണ്ടിക്കാട്ടി.

# കേരള നേറ്റിവിറ്റി കാർഡ്: ബില്ലിന് അംഗീകാരം

**തിരുവനന്തപുരം:** കേരള നേറ്റിവിറ്റി കാർഡ് ബില്ലിന് മന്ത്രിസഭാ യോഗം അംഗീകാരം നൽകി. ഒരാൾ കേരളീയനാണ് എന്ന് സാക്ഷ്യപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ നിലവിൽ നൽകിവരുന്ന നേറ്റിവിറ്റി സർട്ടിഫിക്കറ്റ് മാതൃക ഉൾക്കൊണ്ടാണ് നേറ്റിവിറ്റി കാർഡ് നൽകുക. കേരള സർക്കാർ നൽകുന്ന വിവിധ സേവനങ്ങൾക്കും സാമൂഹ്യ ആവശ്യങ്ങൾക്കും ഉപയോഗപ്രദമാകും വിധമുള്ള ആധികാരിക രേഖയായി നേറ്റിവിറ്റി കാർഡ് അംഗീകരിക്കും.

നേറ്റീവ് എന്നാൽ കേരളത്തിൽ ജനിച്ച് വിദേശ പൗരത്വം സ്വീകരിക്കാത്തവരോ തങ്ങളുടെ പൂർവ്വികരിൽ ഒരാൾ കേരളത്തിൽ ജനിച്ചവരും വിദേശ പൗരത്വം സ്വീകരിക്കാത്തവരും ആയിരിക്കണം. വിദേശ പൗരത്വം സ്വീകരിച്ചവർക്ക് നേറ്റിവിറ്റി കാർഡിന് അർഹതയുായിരിക്കുന്നതല്ല. നേറ്റിവിറ്റി കാർഡ് ലഭിച്ച ശേഷം വിദേശ പൗരത്വം സ്വീകരിക്കുന്നപക്ഷം നേറ്റിവിറ്റി കാർഡ് അസാധുവാകുന്നതാണ്. തൊഴിൽ സംബന്ധമായോ ജീവനോപാധി സംബന്ധമായ മറ്റു കാരണങ്ങളാലോ മാതാപിതാക്കളോ പൂർവികരോ കേരളത്തിനും പുറത്തായിരിക്കുമ്പോൾ അവിടെ ജനിച്ചവരേയും ( വിദേശ പൗരത്വം ലഭിച്ചിട്ടില്ലാത്തവരെ) നേറ്റീവ് ആയി കണക്കാക്കും. കാർഡ് അനുവദിക്കുന്നതിന് അധികാരപ്പെട്ട ഉദ്യോഗസ്ഥൻ തഹസിദാർ ആണെങ്കിലും നേറ്റിവിറ്റി കാർഡുകൾ സംബന്ധിച്ച രജിസ്റ്റർ വില്ലേജ് ഓഫീസിൽ സൂക്ഷിക്കേണ്ടതാണ് എന്ന് നിയമം വ്യവസ്ഥ ചെയ്യുന്നു. കാർഡ് ആവശ്യമുള്ളവർക്ക് തഹസിൽദാർ മുമ്പാകെ അപേക്ഷ സമർപ്പിക്കാം. നിലവിൽ ഉള്ള വിവരങ്ങൾക്ക് പുറമേ സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന വിവരങ്ങൾ നേറ്റിവിറ്റി കാർഡിൽ ഉൾപ്പെടുത്തും. സർക്കാർ വകുപ്പുകൾക്ക് വിവിധ ആവശ്യങ്ങൾക്കായി ഏതെല്ലാം സാഹചര്യങ്ങളിൽ മറ്റ് രേഖകളോടൊപ്പം ആധികാരിക രേഖയായി നേറ്റിവിറ്റി കാർഡ് ഉപയോഗിക്കാവുന്നതാണ് എന്ന് സർക്കാരിന് വിജ്ഞാപനമിറക്കാവുന്നതാണ്. നേറ്റിവിറ്റി കാർഡ് ആവശ്യമുള്ള ഏതൊരു വ്യക്തിയും നിർണയിക്കപ്പെട്ട രീതിയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മുമ്പാകെ നിശ്ചിത ഫോറത്തിൽ രേഖകളും ഫീസും സഹിതം അപേക്ഷ സമർപ്പിക്കേതാണ്. ജില്ലാ കളക്ടർക്ക് കക്ഷിയുടെ അപേക്ഷ പ്രകാരം റവന്യു ഡിവിഷണൽ ഓഫീസർ കൈക്കൊ തീരുമാനമോ, പാസാക്കിയ ഉത്തരവോ പുനപരിശോധിക്കാവുന്നതും റദ്ദുചെയ്യുകയോ മാറ്റം വരുത്തുകയോ ചെയ്യാവുന്നതുമാണ്. എന്നാൽ കക്ഷിക്ക് പറയാനുള്ള ന്യായമായ ഒരു അവസരം നൽകാതെ ഇത്തരമൊരു തീരുമാനമെടുക്കാൻ പാടില്ല.

## ബിനാലെ ചലച്ചിത്രോത്സവം ഇന്നും നാളെയും

**കണ്ണൂർ:** കൊച്ചിമുസിരിസ് ബിനാലെയുടെ ഔട്ട്റീച്ച് പരിപാടിയായ 'കല, കാലം, കലാപം സിനിമയുടെ ജീവിത രേഖകൾ' എന്ന ദ്വിദിന ചലച്ചിത്രോത്സവം ഇന്നും നാളെയും കണ്ണൂർ വി.കെ. കൃഷ്ണമേനോൻ സ്മാരക ഗവ. വനിത കോളേജിൽ നടക്കും. കോളേജിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്ന ഈ ചലച്ചിത്രോത്സവം കേളി രാമചന്ദ്രനാണ് ക്യൂറേറ്റ് ചെയ്യുന്നത്. ഇന്ന് ഉച്ചയ്ക്ക് ഒന്നരയ്ക്ക് പത്മശ്രീ സദനം ബാലകൃഷ്ണൻ പരിപാടി ഉദ്ഘാടനം ചെയ്യും. കോളേജ് പ്രിൻസിപ്പൽ ഡോ. ചന്ദ്രമോഹൻ കെ.ടി. അധ്യക്ഷനാകും. ഉദ്ഘാടനത്തിന് ശേഷം ഇന്ദു ജി.യും സംഘവും അവതരിപ്പിക്കുന്ന കൂടിയാട്ടം സോദാഹരണ പ്രഭാഷണവും തുടർന്ന് അഞ്ച് ചിത്രങ്ങളുടെ പ്രദർശനവും നടക്കും. രാം ദിനത്തിൽ ഡോ. സി.എസ്. വെങ്കിടേശ്വരൻ, ശ്രുതിൽ മാത്യു എന്നിവർ പങ്കെടുക്കുന്ന സിനിമയക്കുറിച്ചുള്ള സംവാദവും തുടർന്ന് ആറ് ചിത്രങ്ങളുടെ പ്രദർശനവും ഉണ്ടാകും. മനുഷ്യജീവിതത്തിന്റെ വിവിധ പരിണാമങ്ങൾ പ്രമേയമാകുന്ന ആകെ 11 സിനിമകളാണ് മേളയിൽ പ്രദർശിപ്പിക്കുന്നത്.

# ഇന്നത്തെ പരിപാടി

## കൊച്ചി

- **വെണ്ണല തൈക്കാട്ട് ശ്രീമഹാദേവ ക്ഷേത്രം :** ശിവരാത്രി തിരുവുത്സവം – പഞ്ചാരിമേളം, പകൽ പൂരം, നൃത്തനൃത്യങ്ങൾ – രാവിലെ 8 മുതൽ.
- **എറണാകുളം ബോട്ട്ജെട്ടി ടി കെ രാമകൃഷണൻ കൾച്ചറൽ സെന്റർ :** ഇ.എം.എസ് പഠനഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഇന്ത്യ–അമേരിക്ക വ്യാപാര കരാർ – സെമിനാർ – വൈകിട്ട് 5ന്.
- **പുല്ലേപ്പടി ഐഇഐ ഭവൻ :** ഇലക്ട്രിക്കൽ എൻജിനീയറിംഗ് ശിൽപ്പശാല – രാവിലെ 10ന്.
- **എറണാകുളം സെന്റ് തെരേസാസ് കോളേജ് ഓഡിറ്റോറിയം :** ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറും വിദ്യാർഥികളുമായുള്ള സംവാദം : വൈകുന്നേരം 3ന്.

## കാലടി

- **ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല :** ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ശ്രീശങ്കര കപ്പ് 2026 വോളിബോൾ ടൂർണമെന്റ് – രാവിലെ 9ന്.

## തിരുവൈരാണിക്കുളം

- **തിരുവൈരാണിക്കുളം ക്ഷേത്രം :** ഉത്സവം – കഥകളി, രാത്രി 7ന്.

## പിറവം

- **ചാക്കരപ്പറമ്പ് മോർ ഇഗ്നാത്തിയോസ് യാക്കോബായ കുരിശുപള്ളി :** പെരുന്നാൾ –സുവിശേഷപ്രസംഗം – രാത്രി 7.30ന്.

ഷൂട്ട് @ സൈറ്റ്



**പെരിയാറിൽ മതിമറന്ന്....** *പാണംകുഴി ഇക്കോ ടൂറിസം കേന്ദ്രത്തിലെ കുട്ടവഞ്ചി സഞ്ചാരം വിനോദ സഞ്ചാരികൾക്ക് ഹരമായി മാറിയിരിക്കുകയാണ്. പെരിയാർ പുഴയിൽ കാനനഭംഗി ആസ്വദിച്ച് കുട്ടവഞ്ചി സഞ്ചാരം നടത്തുന്ന വിനോദസഞ്ചാരികൾ–*
**ഫോട്ടോ– എ.എസ് സതീഷ്**


# ഇൻഫോപാർക്ക് മൂന്നാം ഘട്ടം: എ ഐ നേറ്റീവ് സിറ്റിയാകും

**കൊച്ചി:** നിലവിലുള്ള നഗരങ്ങളിൽ സാങ്കേതികവിദ്യ പിന്നീട് കൂട്ടിച്ചേർക്കുന്നതിന് പകരം, നഗരത്തിന്റെ ആസൂത്രണ ഘട്ടം മുതൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടിസ്ഥാനമായി പ്രവർത്തിക്കുന്ന മാതൃകയാണ് അവലംബിക്കേതെന്ന് ഇൻഫോപാർക്ക് സിഇഒ സുശാന്ത് കുറുന്തിൽ പറഞ്ഞു. ഈ മാതൃക പിന്തുടർന്ന്, ഇൻഫോപാർക്കിന്റെ മൂന്നാം ഘട്ടത്തിൽ എഐ നേറ്റീവ് സിറ്റി എന്ന ആശയമാണ് നടപ്പാക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കേന്ദ്ര ഇല്ക്ട്രോണിക്സ് ആൻഡ് ഐടി വകുപ്പ് സംഘടിപ്പിക്കുന്ന ഇന്ത്യ എഐ ഇംപാക്ട് ഉച്ചകോടിയിൽ നടന്ന 'കോഗ്നിറ്റീവ് ഇൻഫ്രാസ്ട്രക്ചർ ഫോർ സസ്റ്റെയിനബിൾ ആൻഡ് റിസൈലിയന്റ് ഫ്യൂച്ചേഴ്സ്' എന്ന വിഷയത്തിലെ പാനൽ ചർച്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.എഐ നേറ്റീവ് സിറ്റിയിലെ റോഡുകൾ, കെട്ടിടങ്ങൾ, പൈപ്പ് ലൈനുകൾ, പൊതുയിടങ്ങൾ എന്നിവയിൽ നിന്നുള്ള വിവരങ്ങൾ തത്സമയം ശേഖരിക്കുകയും അവ വിശകലനം ചെയ്യുകയും ചെയ്യുന്ന 'സിറ്റി ബ്രെയിൻ' ഇൻഫോപാർക്ക് മൂന്നാം ഘട്ടത്തിന്റെ ഭാഗമാകും. 565 ഏക്കറിൽ നിർമ്മിക്കുന്ന സംയോജിത ടൗൺഷിപ്പിൽ നഗരത്തിന്റെ എല്ലാ മേഖലകളും പരസ്പരം ബന്ധിപ്പിക്കുന്നതാകും. സാഹചര്യങ്ങൾക്കനുസരിച്ച് സ്വയം ക്രമീകരിക്കാൻ ശേഷിയുള്ളതുമായ സാങ്കേതിക സംവിധാനങ്ങളാലാകും ഇത് നിയന്ത്രിക്കപ്പെടുന്നതന്നും സുശാന്ത് വ്യക്തമാക്കി.

എഐ സാങ്കേതികവിദ്യ ഉപയോഗിക്കുമ്പോൾ ഉാകാനിടയുള്ള അപകടസാധ്യതകളെക്കുറിച്ചും അദ്ദേഹം വിവരിച്ചു. അൽഗോരിതങ്ങളിൽ വരാവുന്ന മാറ്റങ്ങൾ, മാനുഷികമായ മേൽനോട്ടം കുറയുന്നത് മൂലമുാകുന്ന സുരക്ഷാ പ്രശ്നങ്ങൾ തുടങ്ങിയവ മുൻകൂട്ടി കാണേതുന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. സാങ്കേതികവിദ്യയിൽ ഒരു പ്രത്യേക കമ്പനിയെ മാത്രം ആശ്രയിക്കാതിരിക്കാൻ ഓപ്പൺ സോഴ്സ് സാങ്കേതികവിദ്യകൾ ഉപയോഗിക്കേതിന്റെ പ്രാധാന്യവും അദ്ദേഹം ചൂിക്കാട്ടി. ഇതുവഴി പദ്ധതിയുടെ ചെലവ് കുറയ്ക്കാനും സാധിക്കും.കാലിഫോർണിയ സർവകലാശാലയിലെ എഐ വിദഗ്ധൻ പ്രൊഫസർ സ്റ്റുവർട്ട് റസ്സൽ, ബ്ലൂ ലൈക്ക് ആൻ ഓറഞ്ച് സസ്റ്റൈനബിൾ ക്യാപിറ്റൽ സ്ഥാപകനും സിഇഒയുമായ ബെർട്രാൻഡ് ബാദ്രെ, എൽ ആൻഡ് ടി സ്ട്രാറ്റജി ആൻഡ് സ്പെഷ്യൽ പ്രോജക്ട്സ് മേധാവി സുപർണ്ണ സിംഗ്, ബീഹാർ സർക്കാർ വികസന കമ്മീഷണർ മിഹിർ കുമാർ സിംഗ്, കാർണെയ്ഗ് മെലൺ സർവകലാശാല അസോസിയേറ്റ് ഡീൻ ജി. സയീദ് ചൗധരി എന്നിവർ ചർച്ചയിൽ പങ്കെടുത്തു. തായ്യോ എഐ സിഇഒയും കോഫൗറും ലോകബാങ്ക്, ഐഎംഎഫ്, ഐഎഫ്സി, സ്റ്റാൻഫോർഡ് എഐ ഇൻഡക്സ് എന്നിവയിലെ മുൻ ഭാരവാഹിയുമായ ഡോ. സൗരഭ് മിശ്ര മോഡറേറ്ററായി.

# ഇഴയടുപ്പം അടയാളപ്പെടുത്തുന്ന ' കമ്മ്യൂണിസ്റ്റ് പച്ച '

**കൊച്ചി:** കൊച്ചി ബിനാലെ ഫൗഷേൻ റെസിഡൻസി പ്രദർശനത്തിന്റെ ഭാഗമായി മട്ടാഞ്ചേരി ബസാർ റോഡിലെ ദേവസ്സി ആൻഡ് സൺസിൽ ജർമ്മൻ കലാകാരൻ ഫ്ളോ മാക് ഒരുക്കിയ 'കമ്മ്യൂണിസ്റ്റ് പച്ച' എന്ന കലാപ്രതിഷ്ഠ മലയാളികളിൽ ഉണർത്തുന്നത് കൗതുകവും ഗൃഹാതുരത്വവുമാണ്. ഒരു സാധാരണ ചെടിയെ ലെൻസിലൂടെ നോക്കിക്കാണുന്ന രീതിയിൽ ഒരുക്കിയിരിക്കുന്ന ഈ കലാസൃഷ്ടി, കേരളത്തിന്റെ ചരിത്രപരവും സാംസ്കാരികവുമായ ബന്ധങ്ങളെയാണ് ഓർമ്മിപ്പിക്കുന്നത്. 'ദി റെഡ് ഗ്രീൻ, 2025' എന്ന് പേരിട്ടിരിക്കുന്ന ഈ കലാപ്രതിഷ്ഠ പ്രകൃതിയും സംസ്കാരവും തമ്മിലുള്ള ഇഴയടുപ്പത്തെയും അധിനിവേശത്തിന്റെ വിവിധ വശങ്ങളെയും അടയാളപ്പെടുത്തുന്നു. 1940കളിൽ കേരളത്തിൽ എത്തിയതെന്ന് വിശ്വസിക്കപ്പെടുന്ന ഈ ചെടി, അക്കാലത്ത് കേരളത്തിൽ കമ്മ്യൂണിസം പടർന്നുപിടിച്ച വേഗതയിൽ വളർന്നതിനാലാണ് 'കമ്മ്യൂണിസ്റ്റ് പച്ച' എന്ന് അറിയപ്പെട്ടത്. കർഷകർ ഇതിനെ കളയായി കാണുമ്പോഴും വളമായി ഉപയോഗിക്കാറു്. കാലാവസ്ഥാ വ്യതിയാനം പ്രകൃതിയെ മാറ്റിമറിക്കുന്ന ഈ കാലഘട്ടത്തിൽ സഹവർത്തിത്വത്തിന്റെ പ്രാധാന്യമാണ് കൊച്ചിമുസിരിസ് ബിനാലെയുടെ ഭാഗമായുള്ള ഈ പ്രദർശനം മുന്നോട്ട് വെക്കുന്നത്. അന്താരാഷ്ട്ര തലത്തിലുള്ള കലാപരമായ സഹകരണം ശക്തിപ്പെടുത്തുന്നതിനായി ഫോർട്ട് കൊച്ചിയിലും പരിസര പ്രദേശങ്ങളിലും കലാകാരന്മാർക്ക് ഗവേഷണ സൗകര്യമൊരുക്കുന്ന കെ.ബി.എഫ് റെസിഡൻസി പ്രോഗ്രാമിന്റെ ഭാഗമായാണ് ഈ പ്രദർശനം നടക്കുന്നത്. 2019ൽ ആരംഭിച്ച തന്റെ പ്രവർത്തനങ്ങളുടെ തുടർച്ചയാണിതെന്ന് ഫ്ളോ മാക് പറഞ്ഞു. സസ്യങ്ങളുടെ ദേശാടനവും ഉത്ഭവവും പ്രകൃതിയും സംസ്കാരവും തമ്മിൽ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നതാണ് ഇതിന്റെ പ്രമേയം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഈ ചെടി വ്യത്യസ്ത പേരുകളിലാണ് അറിയപ്പെടുന്നത്. ഐവറി കോസ്റ്റിൽ ഇതിനെ 'ഇൻഡിപെൻഡൻസ്' എന്ന് വിളിക്കുമ്പോൾ, ഓസ്ട്രേലിയയിൽ 'ഡെവിൾസ് വീഡ്' എന്നും ദക്ഷിണാഫ്രിക്കയിൽ 'ട്രിഫിഡ്' എന്നും അറിയപ്പെടുന്നു. അമേരിക്കയിൽ 'സിയാം വീഡ്' എന്നും ഫ്രാൻസിൽ 'ഹെർബ് ഡു ലാവോസ്' എന്നും ജർമ്മനിയിൽ 'സിയാംക്രുട്ട്' എന്നുമാണ് ഇതിന്റെ പേര്. അധിനിവേശ സസ്യമായി പലയിടങ്ങളിലും കണക്കാക്കപ്പെടുമ്പോഴും ക്യൂബയിൽ ഈ ചെടി ആത്മീയ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു. അവിടെ ഇതിനെ 'റോംപെസാരഗ്യൂ' എന്നാണ് വിളിക്കുന്നത്. ദൗർഭാഗ്യങ്ങളെ തകർക്കാനും തിന്മകളെ അകറ്റാനും ഈ ചെടിക്ക് കഴിയുമെന്ന് അവർ വിശ്വസിക്കുന്നു. മനുഷ്യൻ നിർമ്മിച്ച അതിരുകൾക്കപ്പുറം അതിവേഗം പടരുന്ന ഈ സസ്യം, പ്രകൃതിയിലെ വിപരീത ഘടകങ്ങളെ സ്വീകരിച്ച് എങ്ങനെ യോജിപ്പോടെ ജീവിക്കാമെന്ന് ഓർമ്മിപ്പിക്കുന്നു. മലിനീകരണവും കാലാവസ്ഥാ വ്യതിയാനവും വെല്ലുവിളിയാകുന്ന ആധുനിക കാലഘട്ടത്തിൽ പ്രകൃതി ചൂഷണത്തിനെതിരെയുള്ള പ്രസ്താവനയാണ് മാക്കിന്റെ ഈ സൃഷ്ടി.



## കരുവേലിപ്പടി ആശുപത്രിയിലെ അപര്യാപ്തത

# ആരോഗ്യ വകുപ്പ് ഉന്നത ഉദ്യോഗസ്ഥർ പരിശോധിക്കണം

**കൊച്ചി :** കരുവേലിപ്പടി താലൂക്ക് ആശുപത്രി അഭിമുഖീകരിക്കുന്ന അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ആരോഗ്യ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ അടിയന്തരമായി പരിശോധിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാർ തോമസ്. അഡീഷണൽ ഡി.എച്ച്.എസ്, ഡപ്യൂട്ടി ഡി എം ഒ എന്നിവരെ നിയോഗിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടറും ജില്ലാ മെഡിക്കൽ ഓഫീസറും അന്വേഷണം നടത്തണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചു.
മാധ്യമവാർത്തയുടെ അടിസ്ഥാനത്തിൽ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം, ഡോക്ടർമാരുടെ കുറവ് തുടങ്ങിയവ പ്രത്യേകം പരിശോധിക്കണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചു. അംഗീകൃത തസ്തികകൾ ഒഴിഞ്ഞുകിടന്നാൽ താത്കാലിക നിയമനങ്ങൾ നടത്തണം. കിടക്കകളും ചികിത്സാ സൗകര്യങ്ങളും അപര്യാപ്തമാണെങ്കിൽ പരിഹരിക്കണം. 2025 ജനുവരി മുതൽ ആശുപത്രിയിൽ പ്രവേശിപ്പിച്ച രോഗികളുടെ കണക്ക് പരിശോധിക്കണം. അവർക്ക് നൽകിയ സൗകര്യങ്ങളും പരിശോധനാവിധേയമാക്കണം. എത്ര ആമ്പുലൻസുകൾ നിലവിലുണ്ടെന്നും ആറ് മാസത്തിനുള്ളിൽ ഉപയോഗിച്ച ആമ്പുലൻസുകളുടെ എണ്ണവും പരിശോധിക്കണം. ആമ്പുലൻസ് ഡ്രൈവർമാരുടെ ഒഴിവുണ്ടെങ്കിൽ പകരം സംവിധാനം ഏർപ്പെടുത്തണം. ആശുപത്രി വളപ്പിൽ തെരുവുനായ ശല്യം, ഇഴജന്തുക്കളുടെ ഉപദ്രവം എന്നിവയുണ്ടോയെന്ന് പരിശോധിക്കണം.ചുറ്റുമതിൽ ഇല്ലെങ്കിൽ നിർമ്മിക്കണം. അന്വേഷണ സംഘം ആശുപത്രി വികസന സമിതിയുമായി കൂടിയാലോചിക്കണം. പുതിയ ബ്ലോക്കിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തണം.
നിർമ്മാണത്തിന്റെ കാലതാമസത്തിനുള്ള കാരണങ്ങൾ കണ്ടെത്തി പരിഹരിക്കണം. നിർമ്മാണ പുരോഗതി വിലയിരുത്തി ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കമ്മീഷനിൽ റിപ്പോർട്ട് നൽകണം. അന്വേഷണ റിപ്പോർട്ട് ഡി എച്ച് എസും ഡി എം ഒയും ഒരു മാസത്തിനകം സമർപ്പിക്കണം. കരുവേലിപ്പടി ആശുപത്രി സൂപ്രണ്ട് ഒരു മാസത്തിനകം പ്രത്യേകം റിപ്പോർട്ട് നൽകണം. കൊച്ചിയിൽ നടക്കുന്ന സിറ്റിംഗിൽ കേസ് പരിഗണിക്കുമ്പോൾ ഡി എച്ച് എസിന്റെയും ഡി എംഒ യുടെയും സൂപ്രണ്ടിന്റെയും പ്രതിനിധികൾ ഹാജരാകണമെന്നും ജസ്റ്റിസ് അലക്സാർ തോമസ് നിർദ്ദേശിച്ചു.

# അടിസ്ഥാന സൗകര്യങ്ങൾ വികസിക്കുമ്പോൾ നീതിനിർവഹണ സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിക്കും: ചീഫ് ജസ്റ്റിസ് സൗമെൻ സെൻ




കൊച്ചി: കോടതികളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിക്കുമ്പോൾ നീതിനിർവഹണ സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിക്കുമെന്ന് ഹൈക്കോടതി ചീഫ് ജസ്റ്റിസ് സൗമെൻ സെൻ. ആലുവയിൽ പുതിയതായി നിർമ്മിക്കുന്ന കോടതി സമുച്ചയത്തിന്റെ ശിലാസ്ഥാപന കർമ്മം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. വിശാലമായ കോടതി മുറികൾ, ഡിജിറ്റൽ സൗകര്യങ്ങൾ, റെക്കോർഡ് റൂമുകൾ എന്നിവ കോടതികളുടെ സുഗമമായ പ്രവർത്തനത്തിന് അത്യാവശ്യമാണ്. ജനസംഖ്യയ്ക്കും മാറുന്ന നിയമ ആവശ്യങ്ങൾക്കും അനുസൃതമായി കോടതികളുടെ അടിസ്ഥാന സൗകര്യങ്ങളും വിപുലപ്പെടണം. കോടതികൾ വെറും കെട്ടിടങ്ങളല്ല, പൗരന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്ന, പരാതികൾ പരിഹരിക്കപ്പെടുന്ന, ഭയമോ പക്ഷപാതമോ ഇല്ലാതെ നീതി നടപ്പാക്കപ്പെടുന്ന ജീവസ്സുറ്റ സ്ഥാപനങ്ങളാണെന്നു അദ്ദേഹം വ്യക്തമാക്കി.
കേരളത്തിലെ നീതിന്യായ സംവിധാനത്തെ ആധുനിക കാലത്തിന് അനുസൃതമായി മാറ്റുകയാണ് സർക്കാർ ലക്ഷ്യമെന്ന് ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തിയ വ്യവസായ നിയമ വകുപ്പ് മന്ത്രി പി. രാജീവ് പറഞ്ഞു. ആലുവയ്ക്ക് ആധുനിക സൗകര്യങ്ങളുള്ള മനോഹരമായ കോടതി സമുച്ചയം സ്വായത്തമാവുകയാണ്. 37.25 കോടി രൂപയാണ് സർക്കാർ ഈ കോടതി സമുച്ചയത്തിനു വേണ്ടി അനുവദിച്ചത്. നമ്മുടെ കോടതി കെട്ടിടങ്ങളിൽ, ആധുനിക സ്വഭാവങ്ങൾക്കനുസരിച്ച് വർദ്ധിച്ചു വരുന്ന ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്ന സൗകര്യങ്ങൾ ഉണ്ടാകണം എന്നതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. എറണാകുളം ജില്ലയിൽ പ്രത്യേകമായി, മിക്കവാറും എല്ലാ കോടതികൾക്കും ആവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.കോടതികളുടെ സൗകര്യങ്ങൾ വർദ്ധിക്കുമ്പോൾ കേസുകൾ തീർപ്പാക്കുന്നതിന് വേഗത കൂടും.
കേസുകൾ തീർക്കുന്നതിലും കേരളം ഇന്ത്യക്ക് മാതൃകയായി മാറുന്നു ണ്ട്. അത് തുടരാൻ കഴിയണം. കൊച്ചിയിൽ ജുഡീഷ്യൽ സിറ്റി യാഥാർത്ഥ്യമാക്കുന്നതിനായി ആയിരം കോടി രൂപയുടെ പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്.
അഭിഭാഷക ക്ഷേമനിധി 10 ലക്ഷത്തിൽ നിന്ന് 20 ലക്ഷത്തിലേക്ക് ഉയർത്താനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. രണ്ട് കടമ്പകൾ കൂടി കടന്നാൽ അത് നിയമമാകുമെന്നും അദ്ദേഹം പറഞ്ഞു. ശിലാസ്ഥാപന ചടങ്ങിൽ അൻവർ സാദത്ത് എം.എൽ.എ അധ്യക്ഷത വഹിച്ചു.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി;** വനിത ശിശുവികസന വകുപ്പിന് കീഴിൽ വൈപ്പിൻ ഐ.സി.ഡി.എസ്. പ്രൊജക്റ്റ് ഓഫീസിലെ 127 അങ്കണവാടികളിലേക്ക് പ്രീ സ്കൂൾ എഡ്യൂക്കേഷൻ കിറ്റ് വിതരണം ചെയ്യുന്നതിനായി ജി.എസ്.ടി രജിസ്ട്രേഷൻ ഉള്ള വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും ടെൻഡർ ക്ഷണിച്ചു.
അവസാന തീയതി ഫെബ്രുവരി 25 ഉച്ചയ്ക്ക് 2 വരെ. കൂടുതൽ വിവരങ്ങൾക്ക് പ്രവൃർത്തി ദിവസങ്ങളിൽ രാവിലെ 10.30 നും വൈകീട്ട് 4.30 നും ഇടയിൽ വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന ശിശുവികസന പദ്ധതി ഓഫീസുമായി ബന്ധപ്പെടുക.
ഫോൺ 04842496656, ഇമെയിൽ: icdsvypeeni@gmail.com.

## ഡോ. സ്റ്റീഫൻ ആലത്തറ സിസിബിഐ ഡപ്യൂട്ടി സെക്രട്ടറി ജനറൽ



**ന്യൂഡൽഹി:** റവ.ഡോ. സ്റ്റീഫൻ ആലത്തറയെ ഭാരതത്തിലെ ലത്തീൻ കത്തോലിക്കാ മെത്രാൻ സമിതിയായ സിസിബിഐയുടെ ഡപ്യൂട്ടി സെക്രട്ടറി ജനറലായി നാലാമതും നിയമിച്ചു. 2030 വരെയാണ് പുതിയ കലാവധി.
ഭാരതസഭയുടെ ചരിത്രത്തിൽ ആദ്യമായാണ് നാലാം വട്ടം ഒരു വൈദികൻ ഈ പദവിയിലെത്തുന്നത്. 2014ൽ ഡപ്യൂട്ടി സെക്രട്ടറി ജനറാലായി ചുമതലയേറ്റ ഫാ. ആലത്തറയെ 2018ലും, 2022ലും 2026ലും മെത്രാൻ സമിതി തുടർച്ചയായി നിയമിക്കുകയായിരുന്നു. ഡൽഹിയിലും ബംഗളൂരുവിലും ഗോവയിലുമുള്ള സിസിബിഐയുടെ കാര്യാലയങ്ങളുടെ ഡയറക്ടറായും അദ്ദേഹം തുടരും. 2007 മുതൽ 2014 വരെ കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ഡപ്യൂട്ടി സെക്രട്ടറി ജനറലായിരുന്ന അദ്ദേഹത്തെ കെസിബിസിയും തുടർച്ചയായി മൂന്നുവട്ടം നിയമിച്ചിരുന്നു.

## നികുതി അടയ്ക്കാൻ ക്യാമ്പ്

**കൊച്ചി:** കൊച്ചി കോർപ്പറേഷനിലെ കെട്ടിട , തൊഴിൽ നികുതികൾ ഓൺലൈനായി അടയ്ക്കുന്നതിന് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി പച്ചാളം യൂണിറ്റിന്റെ നേതൃത്വത്തിൽ ഫെബ്രുവരി 21, ശനിയാഴ്ച ക്യാമ്പ് നടത്തും. കർഷക റോഡ് ബിൽഡിംഗിലെ വ്യാപാര ഭവനിൽ രാവിലെ 10.30 മുതൽ വൈകുന്നേരം 03.30 വരെയാണ് ക്യാമ്പ് നടക്കുക.
31,32,69,73,74(പുതിയ ഡിവിഷൻ24,25,18,22,23) എന്നിവയുടെ മാത്രമെ തൊഴിൽ നികുതി അടയ്ക്കാൻ ക്യാമ്പിൽ സൗകര്യം ഉാകുക. അവസാനം അടച്ച രസീതുകൂടി നികുതി അടയ്ക്കാൻ വരുന്നവർ കൈയ്യിൽ കരുതേതാണ്. ഭക്ഷണ നിർമ്മാണത്തിന് ലൈസൻസ് എടുക്കുന്നതിനാവശ്യമായ വെള്ളം പരിശോധിക്കാനുള്ള രജിസ്ട്രേഷനുള്ള സൗകര്യവും ക്യാമ്പിൽ ഉായിരിക്കും. ഫീസിനൊപ്പം വെള്ളത്തിന്റെ സാമ്പിളും കൊുവരേതാണെന്നും യൂണിറ്റ് പ്രസിഡന്റ് പി.സി ജേക്കബ്ബ്, വർക്കിംഗ് പ്രസിഡന്റ് സുരേഷ് ഗോപി, ജനറൽ സെക്രട്ടറി സി.വി രാജു, ട്രഷറർ ടിജോ തോമസ് എന്നിവർ അറിയിച്ചു.

## എൻഡോസ്കോപ്പി ടെകനീഷ്യൻ നിയമനം: അഭിമുഖം 23ന്

**കൊച്ചി:** സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് പൾമനോളജി വിഭാഗത്തിൽ എൻഡോസ്കോപ്പി ടെക്നീഷ്യൻ തസ്തികയിൽ കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ദിവസവേതനം 650 രൂപ. രണ്ട് ഒഴിവുകൾ. പ്രായപരിധി 18ന് 36നും മധ്യേ. നിയമന കാലാവധി ആറുമാസം. ഡിപ്ലോമ ഇൻ എൻഡോസ്കോപ്പിക് ടെക്നോളജി, റെസ്പിറേറ്ററി ടെക്നോളജി അല്ലെങ്കിൽ തത്തുല്യമായ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. ഡി.എം.ഇ രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.
താൽപ്പര്യമുള്ളവർ വയസ്സ്, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും പകർപ്പും സഹിതം മെഡിക്കൽ കോളേജിലെ മെഡിക്കൽ സൂപ്രണ്ട് ഓഫീസിന് സമീപമുള്ള കൺട്രോൾ റൂമിൽ ഫെബ്രുവരി 23 രാവിലെ 11 ന് നടക്കുന്ന വാക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കണം. രജിസ്ട്രേഷൻ സമയം അതേ ദിവസം രാവിലെ 10.30 മുതൽ 11 വരെ. കൂടുതൽ വിവരങ്ങൾക്ക്: 0484-2754000, 04842754416.

## താൽക്കാലിക നിയമനം

**കൊച്ചി:** സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിലേക്ക് സീനിയർ റസിഡന്റ് തസ്തികയിൽ താൽക്കാലിക നിയമനം നടത്തുന്നു. ആറുമാസത്തെ കരാർ അടിസ്ഥാനത്തിലാണ് നിയമനം. പ്രതിമാസ വേതനം 73,500 രൂപ. എം.ബി.ബി.എസ്, എം.ഡി അല്ലെങ്കിൽ ഡി.എൻ.ബി യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം.
ടി.സി.എം.സി രജിസ്ട്രേഷനും ഉ ണ്ടായിരിക്കണം. താല്പര്യമുള്ളവർ വയസ്സ്, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളും സഹിതം ഫെബ്രുവരി 20 ന് മെഡിക്കൽ കോളേജിലെ മെഡിക്കൽ സൂപ്രണ്ട് ഓഫീസിന് സമീപമുള്ള കൺട്രോൾ റൂമിൽ ഹാജരാകണം. രജിസ്ട്രേഷൻ സമയം അതേ ദിവസം രാവിലെ 10.30 മുതൽ 11 വരെ. കൂടുതൽ വിവരങ്ങൾക്ക്: 04842754000, 04842754416.

## ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** കാക്കനാട് സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന എറണാകുളം സ്പെഷ്യൽ തഹസിൽദാർ (എൽ.എ).എൻ.എച്ച് നം.1. കാര്യാലയത്തിലേക്ക് ഫർണീച്ചറുകൾ വിതരണം ചെയ്യുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചു.
ഫെബ്രുവരി 24 വൈകീട്ട് 4 വരെ നേരിട്ടോ പ്രതിനിധി മുഖേനയോ ക്വട്ടേഷനുകൾ സമർപ്പിക്കാം. ഇമെയിൽ: tahsildarnh@gmail.com.

# രാജ്യത്തെ ഏറ്റവും വലിയ ഏജന്റിക് എഐ ഹാക്കത്തോൺ 'ബിൽഡ് ഫോർ ഇന്ത്യ' യുമായി കേരള സ്റ്റാർട്ടപ്പ് മിഷൻ

**കൊച്ചി:** പുതുതലമുറയിലെ സ്വയംനിയന്ത്രിത നിർമ്മിതബുദ്ധി (എഐ) സംവിധാനങ്ങൾ വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 'ബിൽഡ് ഫോർ ഇന്ത്യ' ഏജന്റിക് എഐ ഹാക്കത്തോണിന് വെള്ളിയാഴ്ച വരെ അപേക്ഷിക്കാം. 24 മണിക്കൂർ നീണ്ടുനിൽക്കുന്ന ദേശീയതല ഹാക്കത്തോൺ രാജ്യത്തെ തന്നെ ഏറ്റവും വലിയ മത്സരമാകും.

താൽപ്പര്യമുള്ളവർക്ക് buildforindia.startupmission.in എന്ന വെബ്സൈറ്റ് വഴി അപേക്ഷിക്കാവുന്നതാണ്. അപേക്ഷിക്കേണ്ട അവസാന തീയതി 2026 ഫെബ്രുവരി 20 ആണ്. ഫെബ്രുവരി 27, 28 തീയതികളിൽ കൊച്ചിയിലെ കേരള സ്റ്റാർട്ടപ്പ് മിഷനിൽ വച്ചാണ് പരിപാടി. ഇന്ത്യയിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള എഐ ഡെവലപ്പർമാർ, സ്റ്റാർട്ടപ്പ് സ്ഥാപകർ, ഗവേഷകർ, എഐ വൈദഗ്ധ്യമുള്ള വിദ്യാർത്ഥികൾ എന്നിവർക്ക് പ്രായോഗികമായ ഏജന്റിക് എഐ പരിഹാരങ്ങൾ അവതരിപ്പിക്കാൻ അവസരം ലഭിക്കും. മനുഷ്യന്റെ ഇടപെടൽ കുറച്ചുകൊണ്ട് കാര്യങ്ങൾ ആസൂത്രണം ചെയ്യാനും തീരുമാനങ്ങൾ എടുക്കാനും സ്വയം പ്രവർത്തിക്കാനും പഠിക്കാനും കഴിവുള്ള അത്യാധുനിക എഐ സംവിധാനങ്ങളെയാണ് ഏജന്റിക് എഐ എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത്. നിർമ്മിത ബുദ്ധിയുടെ അടുത്ത പടിയായ സ്വയം പ്രവർത്തിക്കുന്ന എഐ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കാനാണ് ഹാക്കത്തോണിലൂടെ കെഎസ്‌യുഎം ലക്ഷ്യമിടുന്നത്.സ്വയം പ്രവർത്തിക്കുന്ന ടാസ്ക് ഏജന്റുകൾ, തൊഴിൽ ഓട്ടോമേറ്റ് ചെയ്യുന്ന സംവിധാനങ്ങൾ, പൊതുസേവന രംഗത്തെ പ്രായോഗിക എഐ മാതൃകകൾ, സ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്ന ടൂളുകൾ തുടങ്ങിയ മേഖലകളിലാകും ഹാക്കത്തോൺ ഊന്നൽ നൽകുന്നത്. മികച്ച പ്രകടനം കാഴ്ചവെക്കുന്ന ടീമുകൾക്ക് 20 ലക്ഷം രൂപ വീതം ധനസഹായം ലഭിക്കും. പുറമെ ഹാക്കത്തോണിന് ശേഷമുള്ള ഇൻകുബേഷൻ സൗകര്യം, മെന്റർഷിപ്പ്, വ്യവസായ മേഖലയിലെ പ്രമുഖരുമായുള്ള ആശയവിനിമയം, സ്റ്റാർട്ടപ്പ് മിഷൻ വഴിയുള്ള ഫിംഗ് അവസരങ്ങൾ എന്നിവയും വിജയികൾക്ക് ലഭ്യമാകും. എഐ ഡെവലപ്പർമാർ, സ്റ്റാർട്ടപ്പ് ടീമുകൾ, ഡാറ്റാ സയൻസ് തുടങ്ങിയ വിഷയങ്ങളിൽ പഠനം നടത്തുന്നവർ എന്നിവരടങ്ങുന്ന രണ്ട് മുതൽ അഞ്ച് വരെ അംഗങ്ങളുള്ള ടീമുകൾക്ക് മത്സരത്തിൽ പങ്കെടുക്കാം. രാജ്യവ്യാപകമായി ടീമുകൾക്ക് രജിസ്റ്റർ ചെയ്യാൻ അവസരമുണ്ടെങ്കിലും ലഭിക്കുന്ന അപേക്ഷകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന ടീമുകൾക്കാ ാകും ഹാക്കത്തോണിൽ പങ്കെടുക്കാൻ അവസരം ലഭിക്കുന്നത്. ഇന്ത്യയുടെ ഏജന്റിക് എഐ ആവാസവ്യവസ്ഥ ശക്തിപ്പെടുത്തുകയും മികച്ച എഐ ഉൽപ്പന്നങ്ങളെ കണ്ടെത്തി വളർത്തിയെടുക്കുകയും ചെയ്യുകയാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ ലക്ഷ്യമിടുന്നത്.

# ഇടക്കൊച്ചി ഫിഷ് ഫാമിൽ ഫാം ലേബർ നിയമനം; അഭിമുഖം ഫെബ്രുവരി 27ന്

**കൊച്ചി:** കേരള സർക്കാർ ഫിഷറീസ് വകുപ്പിന് കീഴിലുള്ള ഇടക്കൊച്ചി ഫാമിലേക്ക് ഫാം ലേബർമാരെ താൽക്കാലികമായി നിയമിക്കുന്നു. ഏഴാം ക്ലാസ് വിദ്യാഭ്യാസ യോഗ്യതയുള്ള, 45 വയസ്സിൽ താഴെ പ്രായമുള്ളവർക്ക് അപേക്ഷിക്കാം.

അപേക്ഷകർ വീശുവല ഉപയോഗിച്ചുള്ള മത്സ്യബന്ധനം, നീന്തൽ, വഞ്ചി തുഴയൽ എന്നിവയിൽ പ്രാവീണ്യമുള്ളവരായിരിക്കണം. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുടെ അസ്സലും പകർപ്പും സഹിതം ഫെബ്രുവരി 27ന് രാവിലെ 10:30 ന് ഇടക്കൊച്ചി ഗവ. ഫിഷ് ഫാം ഓഫീസിൽ ഹാജരാക്കേതാണ്.

ഫോൺ : 9746145766, 9400254240

# കുട്ടികളുടെ സാമ്പത്തിക സുരക്ഷ: പുതിയ പ്ലാനുമായി ഐസിഐസിഐ പ്രു

കോഴിക്കോട്: കുട്ടികളുടെ ഭാവി സാമ്പത്തികമായി സുരക്ഷിതമാക്കാൻ ആഗ്രഹിക്കുന്ന മാതാപിതാക്കളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ദീർഘകാല സമ്പാദ്യ പദ്ധതി അവതരിപ്പിച്ചു. കുട്ടികളുടെ ഭാവിയിലെ സാമ്പത്തിക ആവശ്യങ്ങൾ മുൻകൂട്ടി ആസൂത്രണം ചെയ്യാൻ സഹായിക്കുന്ന പദ്ധതി ഐസിഐസിഐ പ്രു സ്മാർട്ട്കിഡ് 360 എന്ന പേരിലാണ് പുറത്തിറക്കിയിരിക്കുന്നത്. ഇൻഷുറൻസ് എടുത്ത വ്യക്തിക്ക് അപ്രതീക്ഷിതമായ മരണം സംഭവിക്കുകയാണെങ്കിൽ, കുട്ടിയുടെ ഭാവി സംരക്ഷിക്കുന്നതിനായി പ്രീമിയം ഒഴിവാക്കാനുള്ള സൗകര്യവും ആനുകൂല്യങ്ങളുടെ തുടർച്ചയും പദ്ധതിയുടെ പ്രധാന സവിശേഷതയാണ്. ഈ ഫീച്ചർ പ്രകാരം, ഭാവിയിലെ എല്ലാ പ്രീമിയങ്ങളും ഒഴിവാക്കപ്പെടുകയും ലൈഫ് കവർ തുക നോമിനിക്ക് നൽകുകയും ചെയ്യും. കൂടാതെ, തിരഞ്ഞെടുത്ത മറ്റ് പോളിസി ആനുകൂല്യങ്ങൾ തടസമില്ലാതെ തുടരുന്നതിനാൽ കുട്ടിയുടെ ലക്ഷ്യങ്ങളും സുരക്ഷിതമായിരിക്കും. പ്രധാന ആനുകൂല്യങ്ങൾക്ക് പുറമെ, ഇൻഷുറൻസ് എടുത്ത വ്യക്തിയുടെ അസാനിധ്യത്തിൽ കുടുംബത്തിന് സ്ഥിരവരുമാനം ഉറപ്പാക്കാൻ സഹായിക്കുന്ന ഫാമിലി ഇൻകം ബെനഫിറ്റ് പോലുള്ള ഓപ്ഷണൽ ഫീച്ചറുകളും ഈ പദ്ധതിയിലു്. സ്കൂൾ വിദ്യാഭ്യാസം, ഉപരിപഠനം അല്ലെങ്കിൽ യൗവനത്തിന്റെ തുടക്കത്തിലെ ലക്ഷ്യങ്ങൾ എന്നിങ്ങനെ കുട്ടിയുടെ ജീവിതത്തിലെ പ്രധാന നാഴികക്കല്ലുകൾക്കനുസരിച്ച് മണിബാക്ക് അല്ലെങ്കിൽ മുൻകൂട്ടി നിശ്ചയിച്ച പേഔട്ടുകൾളും പദ്ധതി വാഗ്ദാനം ചെയ്യുന്നു. പേഔട്ടായി ഒരു നിശ്ചിത തുകയോ അല്ലെങ്കിൽ വർഷാവർഷം വർധിക്കുന്ന തുകയോ തിരഞ്ഞെടുക്കാൻ ഉപഭോക്താക്കൾക്ക് സാധിക്കും എന്നത് ഇതിന്റെ പ്രത്യേകതയാണ്. മണിബാക്ക് ആനുകൂല്യങ്ങൾക്ക് പുറമെ, പോളിസി കാലാവധി അവസാനിക്കുമ്പോൾ ലഭിക്കുന്ന ലംപ്സം തുക കുട്ടിയുടെ മുതിർന്ന ജീവിതത്തിലേക്കുള്ള മാറ്റത്തിന് വലിയ പിന്തുണ നൽകുമെന്ന് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ചീഫ് പ്രോഡക്റ്റ് ഓഫീസർ വികാസ് ഗുപ്ത പറഞ്ഞു.

# 20 ശതമാനം വളർച്ചയുമായി ആക്സിസ് മാക്സ് ലൈഫ്

കൊച്ചി : ഈ സാമ്പത്തിക വർഷത്തിലെ ആദ്യ ഒമ്പത് മാസങ്ങളിൽ ശക്തമായ പ്രകടനം കാഴ്ചവച്ച് മാക്സ് ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്. മാക്സ് ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡിന്റെ വരുമാനം (നിക്ഷേപ വരുമാനം ഒഴികെ) 18 ശതമാനം വർദ്ധിച്ച് 24,625 കോടി രൂപയായി. നിക്ഷേപ വരുമാനം ഉൾപ്പെടെ ഏകീകൃത വരുമാനം 36,891 കോടി രൂപയും നികുതി കഴിഞ്ഞുള്ള ഏകീകൃത ലാഭം 137 കോടിയുമാണ്. 2026 ലെ 9 മാസ സാമ്പത്തിക വർഷത്തിൽ മാക്സ് ഫിനാൻഷ്യൽ സർവീസസിന് 81 ശതമാനം ഓഹരി പങ്കാളിത്തമുള്ള മാക്സ് ലൈഫ് ഇൻഷുറൻസ് ലിമിറ്റഡ്, 2026 ലെ 9 മാസ സാമ്പത്തിക വർഷത്തിൽ 20 ശതമാനം പുതിയ ബിസിനസ് വളർച്ച രേഖപ്പെടുത്തി 6,396 കോടി രൂപയിലെത്തി. ഇതിന്റെ ഫലമായി സ്വകാര്യ വിപണി വിഹിതം 53 ബേസിസ് പോയിന്റ് (ബിപിഎസ്) ഉയർന്ന് 9.8 ശതമാനം ആയി.

ആക്സിസ് മാക്സ് ലൈഫിന്റെ ഇൻഷുറൻസ് പ്രീമിയം പോയ വർഷത്തേക്കാൾ 18 ശതമാനം വർദ്ധിച്ച് 25,195 കോടി രൂപയിലെത്തിയപ്പോൾ, വ്യക്തിഗത റിന്യൂവൽ പ്രീമിയത്തിൽ 17% വർധന രേഖപ്പെടുത്തി 15,551 കോടി രൂപയിലെത്തി. ഈ കാലയളവിൽ വ്യക്തിഗത ഇൻഷുറൻസിലെ പുതിയ ബിസിനസ് സം അഷേർഡ് 41 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയത്. പ്രൊപ്രൈറ്ററി ചാനലുകളിലൂടെയുള്ള വികാസവും പങ്കാളിത്തങ്ങളുടെ വർദ്ധനവുമാണ് വളർച്ചയ്ക്ക് കാരണമെന്ന് കമ്പനി അറിയിച്ചു.

# കൊച്ചിയിൽ സാന്നിധ്യം ശക്തമാക്കി സ്പേസ് വൺ




കൊച്ചി: ദക്ഷിണേന്ത്യയിലെ പ്രമുഖ മാനേജ്ഡ് ഓഫീസ് സ്പേസ് ദാതാക്കളായ സ്പേസ് വൺ കൊച്ചിയിൽ പ്രവർത്തനം വിപുലീകരിക്കുന്നു. 2026ലെ വികസന പദ്ധതികളുടെ ഭാഗമായി നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ മൂന്ന് പുതിയ സെന്ററുകൾ കൂടി കമ്പനി പ്രഖ്യാപിച്ചു. ഇതോടെ കൊച്ചിയിൽ മാത്രം ഒരു ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിൽ 1,700 സീറ്റുകൾ അധികമായി ലഭ്യമാകും. നഗരത്തിലെ പ്രധാന ബിസിനസ് ഇടങ്ങളായ എം.ജി. റോഡ്, കാക്കനാട് ഇൻഫോപാർക്ക് ഫേസ്2, എൻ.എച്ച് ബൈപ്പാസിലെ എ.എം.വി പാർക്ക് എന്നിവിടങ്ങളിലാണ് പുതിയ സെന്ററുകൾ സജ്ജമാകുന്നത്. വൻകിട കമ്പനികൾക്കും ചെറുകിടഇടത്തരം സംരംഭങ്ങൾക്കും (SMEs) ഒരുപോലെ പ്രയോജനപ്പെടുന്ന രീതിയിലാണ് ഇവ വിഭാവനം ചെയ്തിരിക്കുന്നത്. മൂന്ന് മുതൽ 500 വരെ സീറ്റുകൾ ലഭ്യമാകുന്ന ഫ്ളെക്സിബിൾ ഓഫീസ് സംവിധാനങ്ങളാണ് ഇവിടെ ഒരുക്കിയിട്ടുള്ളത്. മീറ്റിംഗ് റൂമുകൾ, കോൺഫറൻസ് ഹാളുകൾ, കൊളാബൊറേഷൻ ഏരിയകൾ, സിക് റൂമുകൾ തുടങ്ങി അത്യാധുനിക തൊഴിലിട സൗകര്യങ്ങൾ എല്ലാ സെന്ററുകളിലും ലഭ്യമാണ്. ഉപഭോക്താക്കളുടെ ആവശ്യാനുസരണം മാറ്റങ്ങൾ വരുത്താവുന്ന 'കസ്റ്റം ബിൽറ്റ്' തൊഴിലിടങ്ങളും സ്പേസ് വൺ വാഗ്ദാനം ചെയ്യുന്നു. കൊച്ചിയിലെ വിവിധ വിപണികളിൽ നിന്നുള്ള വർദ്ധിച്ചുവരുന്ന ആവശ്യം പരിഗണിച്ചാണ് പുതിയ സെന്ററുകൾ ആരംഭിക്കുന്നത്. ഓരോ തൊഴിലിടവും തന്ത്രപ്രധാനമായ ലൊക്കേഷനുകളിലാണ് തിരഞ്ഞെടുത്തിരിക്കുന്നതെന്ന് സ്പേസ് വൺ കോഫൗർ സിജോ ജോസ് പറഞ്ഞു.

# നിസാൻ 'ഗ്രാവൈറ്റ്' പുറത്തിറക്കി



കൊച്ചി : നിസാന്റെ ഏഴ് സീറ്റർ എംപിവി 'ഗ്രാവൈറ്റ്' പുറത്തിറക്കി . 5.65 ലക്ഷം രൂപയാണ് പ്രാരംഭ വില. 6 എയർബാഗുകൾ, ഇലക്ട്രോണിക് സ്റ്റെബിലിറ്റി കൺട്രോൾ, ട്രാക്ഷൻ കൺട്രോൾ, ഹിൽ സ്റ്റാർട്ട് അസിസ്റ്റ്, ബ്രേക്ക് അസിസ്റ്റ് എന്നിവയുൾപ്പെടെ 30ലധികം സുരക്ഷാ സവിശേഷതകളോടെയാണ് നിസാൻ ഗ്രാവൈറ്റ് എത്തുന്നത്.

1.0 ലിറ്റർ 3 സിലിർ പെട്രോൾ എൻജിനാണ് ഗ്രാവൈറ്റിലുള്ളത്. 72 എച്ച്പി കരുത്തും പരമാവധി 96 എൻഎം ടോർക്കും പുറത്തെടുക്കുന്ന എൻജിൻ 5 സ്പീഡ് മാനുവൽ, 5 സ്പീഡ് എഎംടി ട്രാൻസ്മിഷനോട് കൂടിയാണ് എത്തുന്നത്. ഇന്ധനക്ഷമത എഎംടിയിൽ ലിറ്ററിന് 19.6 കിലോമീറ്ററും മാന്വൽ വാഹനത്തിൽ ലിറ്ററിന് 19.3 കിലോമീറ്ററുമാണ്. മികച്ചതും ആകർഷകവുമായ ഇന്റീരിയർ, എക്സ്റ്റീരിയർ ലുക്കിലെത്തുന്ന ഗ്രാവൈറ്റ് ഫോറസ്റ്റ് ഗ്രീൻ, ഒനിക്സ് ബ്ലാക്ക്, ബ്ലേഡ് സിൽവർ, സ്റ്റോം വൈറ്റ്, മെറ്റാലിക് ഗ്രേ എന്നിങ്ങനെ 5 കളർ ഓപ്ഷനുകളിൽ ലഭ്യമാണ്. ചെന്നൈയിലെ നിസാൻ പ്ലാന്റിലാണ് ഗ്രാവൈറ്റ് നിർമിക്കുന്നത്. കൂടുതൽ സൗകര്യപ്രദവും അത്യാധുനിക സാങ്കേതിക വിദ്യയും ഉൾപ്പെടുത്തി ലിമിറ്റഡ് എഡിഷൻ ഗ്രാവൈറ്റും ലോഞ്ചിനോട് അനുബന്ധിച്ച് പുറത്തിറക്കിയിട്ടു്.ഇന്ത്യയിൽ നിസാന്റെ സുസ്ഥിരമായ വളർച്ചാഘട്ടത്തിന്റെ തുടക്കമാണ് ഗ്രാവെറ്റ് ലോഞ്ചെന്നു മിഡിൽ ഈസ്റ്റ്, കെഎസ്എ, സിഎഎസ് എന്നീ പ്രദേശങ്ങളുടെ ഡിവിഷണൽ വൈസ് പ്രസിഡും ഇന്ത്യ പ്രസിഡുമായ തിയറി സബാഗ് പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# കേര അഗ്രി നെക്സ്റ്റ് സമ്മിറ്റ് 2026: ഫെബ്രുവരി 20ന് കൊച്ചിയിൽ

**കൊച്ചി:** ലോക ബാങ്ക് സഹായത്തോടെ കൃഷി വകുപ്പ് നടപ്പിലാക്കുന്ന കേര പദ്ധതിയുടെ ഭാഗമായി സംഘടിപ്പിക്കുന്ന അഗ്രി നെക്സ്റ്റ് സമ്മിറ്റ് 2026 ഫെബ്രുവരി 20 ന് രാവിലെ 10 ന് കൊച്ചി ഡിജിറ്റൽ ഹബ്ബിൽ നടത്തും.

പുത്തൻ സാങ്കേതികവിദ്യാ സങ്കേതങ്ങൾ ഉൾപ്പെടുത്തി സംസ്ഥാനത്തെ കാർഷിക മേഖലയെ കാലാവസ്ഥാ പ്രതിരോധശേഷിയുള്ളതും ആധുനികവൽക്കരിക്കുന്നതിനുമായുള്ള നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നതിനായാണ് കേരള സ്റ്റാർട്ടപ്പ് മിഷന്റെ സഹകരണത്തോടെ സമ്മിറ്റ് നടത്തുന്നത്. മേഖലാതലത്തിൽ നടത്തിയ വിവിധ ശിൽപ്പശാലകളിൽ നിന്നും ഉരുത്തിരിഞ്ഞു വന്ന കാർഷിക പ്രശ്നങ്ങളുൾക്കൊള്ളുന്ന ആശയങ്ങൾ, പൈലറ്റ് പദ്ധതികൾ, വാണിജ്യ പങ്കാളിത്തം എന്നിവയ്ക്ക് സാങ്കേതിക പരിഹാരങ്ങൾ നിർദ്ദേശിച്ചുകൊുള്ള ചർച്ചകളായിരിക്കും സമ്മിറ്റിൽ നടക്കുക. കർഷകർ, കാർഷികോല്പാദന കമ്പനികൾ, കാർഷിക സ്റ്റാർട്ടപ്പുകൾ, സംരംഭകർ, സർക്കാർ ഏജൻസികൾ എന്നിവർ തമ്മിലുള്ള നേരിട്ടുള്ള ചർച്ചകൾക്കും പരിഹാരനിർദ്ദേശങ്ങൾക്കും സമ്മിറ്റിൽ അവസരമൊരുങ്ങും.

ഡിജിറ്റൽ കൃഷി, നിർമിത ബുദ്ധി, ഇന്റർനെറ്റ് ഓഫ് തിങ്സ്, കാർഷിക യന്ത്രവൽക്കരണവും ഓട്ടോമേഷനും, ഭക്ഷ്യ സംസ്കരണവും മൂല്യവർധിത കാർഷിക സംരംഭങ്ങളും, വിപണനം, കയറ്റുമതി, കർഷക സംരംഭങ്ങൾ, മറ്റു കാർഷിക അനുബന്ധ വിഷയങ്ങളുമായിരിക്കും പ്രധാന ചർച്ചകൾ. 500ലധികം കർഷകർ, എഫ്പിഒ പ്രതിനിധികൾ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ, വിഷയ വിദഗ്ധർ, നയരൂപകർത്താക്കൾ, സ്റ്റാർട്ടപ്പ് പ്രതിനിധികൾ, അമ്പതിലധികം കോർപ്പറേറ്റ് സ്ഥാപനങ്ങൾ, നിക്ഷേപകർ എന്നിവരുൾപ്പെടെ ആയിരത്തോളം പേർ സമ്മിറ്റിൽ പങ്കെടുക്കും. അമ്പതിലധികം ധാരണാപത്രങ്ങളും സാങ്കേതികവിദ്യാ കൈമാറ്റ കരാറുകളും സമ്മിറ്റിൽ ഒപ്പുവയ്ക്കുമെന്ന് കേര പ്രൊജക്റ്റ് ഡയറക്ടർ അറിയിച്ചു.

# പാലക്കാട് ജില്ലയിൽ പതിനായിരം കടന്ന് കെഫോൺ

പാലക്കാട്: പാലക്കാട് ജില്ലയിൽ പതിനായിരം കടന്ന് കെഫോൺ കണക്ഷൻ. ആകെ 13,596 കണക്ഷനുകൾ ജില്ലയിൽ കെഫോൺ പൂർത്തിയാക്കിയിട്ടു് വീടുകൾ, സർക്കാർ ഓഫീസുകൾ, വാണിജ്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലായി സേവനം വ്യാപിപ്പിച്ചുകൊ് കെഫോൺ ശക്തമായ വളർച്ചയാണ് രേഖപ്പെടുത്തുന്നത്.

ജില്ലയിൽ 10,534 ഗാർഹിക കണക്ഷനുകൾ പൂർത്തിയാക്കിയിട്ടു്. കൂടാതെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള 1,173 കുടുംബങ്ങൾക്കും 2,315ലധികം സർക്കാർ സ്ഥാപനങ്ങൾക്കും കെഫോൺ സേവനം ലഭ്യമാക്കി. മിതമായ നിരക്കിൽ അതിവേഗ ഇന്റർനെറ്റ് സൗകര്യം നൽകുന്നതിലൂടെ ജനപ്രീതി നേടുകയാണ് പദ്ധതി. കണക്റ്റിങ്ങ് ദി അൺ കണക്റ്റഡ് പദ്ധതിയുടെ ഭാഗമായി അട്ടപ്പാടിയിലെ 535 ഓളം കുടുംബങ്ങൾക്കും ഇന്റർനെറ്റ് ലഭ്യമാക്കിയിട്ടു്. കൂടാതെ ജില്ലയിലെ മലയോര മേഖലകളായ മലമ്പുഴ, കവ, ആനക്കൽ, ധോണി തുടങ്ങിയ സ്ഥലങ്ങളിലടക്കം കെഫോൺ കണക്ഷനുകൾ ലഭ്യമാണ്. പ്രാദേശിക ഓപ്പറേറ്റർമാർ വഴിയാണ് വാണിജ്യ കണക്ഷനുകൾ നൽകുന്നത്. ജില്ലയുടെ വിവിധ ഭാഗങ്ങളിലായി 388 ലോക്കൽ നെറ്റ്വർക്ക് ഓപ്പറേറ്റർമാർ കെഫോണുമായി സഹകരിച്ച് പ്രവർത്തിക്കുന്നു്. പുതിയ ഗാർഹിക കണക്ഷൻ എടുക്കാൻ എന്റെ കെഫോൺ എന്ന മൊബൈൽ ആപ്പിലൂടെയോ കെഫോൺ വെബ് സൈറ്റിലൂടെയോ രജിസ്റ്റർ ചെയ്യാം. 18005704466 എന്ന ടോൾഫ്രീ നമ്പർ വഴിയും കണക്ഷനായി രജിസ്റ്റർ ചെയ്യാം. കെ ഫോൺ പ്ലാനുകളെയും ഓഫറുകളേയും കുറിച്ച് കൂടുതൽ അറിയുവാൻ കെ ഫോൺ ഔദ്യോഗിക വെബ്സൈറ്റായ വേ്വു:://സളീ.ശി/ ൽ സന്ദർശിക്കുകയോ 90616 04466 എന്ന വാട്സ്ആപ്പ് നമ്പരിൽ ഗഎഷച ജഹമി എന്ന് ടൈപ്പ് ചെയ്ത് മെസേജ് ചെയ്തോ കെഫോൺ പ്ലാനുകൾ അറിയാനാവും.

# റമദാനെ വരവേൽക്കാൻ ഒരുങ്ങി ലുലു; റമദാൻ സേവേഴ്സ് സെയിൽ തുടങ്ങി

കൊച്ചി: വിശുദ്ധ റമദാൻ മാസത്തെ ഷോപ്പിങ്ങിനായി ലുലുവിൽ റമദാൻ സേവേഴ്സ് സെയിലിന് തുടക്കമായി. ലുലു ഹൈപ്പർ മാർക്കറ്റിൽ നിന്ന് നിത്യോപയോഗ സാധനങ്ങൾ മികച്ച വിലക്കുറവിൽ ഉപഭോക്താക്കൾക്ക് വാങ്ങാൻ സാധിക്കും. കൂടാതെ 1,129 രൂപയ്ക്ക് 14 തരവും 1,499 രൂപയ്ക്ക് 17 തരവും നിത്യോപയോഗ സാധനങ്ങളുമായി റമദാൻ സ്പെഷ്യൽ കിറ്റും ലുലു ഒരുക്കിയിരിക്കുന്നു. ലുലു ഹൈപ്പർ മാർക്കറ്റിൽ ഒരുക്കിയിട്ടുള്ള ഇഫ്ത്താർ കൗറിൽ നോമ്പ് തുറയ്ക്കാവശ്യമായ നാടൻ ഭക്ഷണങ്ങളും ലഭ്യമാണ്. മുട്ടയപ്പം, ചിരിമുട്ട, ഫിഷ്പോള, ബീഫ് കുഞ്ഞി പത്തിരി, ചിക്കൻ കുഞ്ഞിപ്പത്തിരി തുടങ്ങിയ വിഭവങ്ങൾ ഉൾപ്പടെ നൂറിൽ പരം വിഭവങ്ങൾ സ്റ്റാളിൽ ലഭ്യമാണ്. ഇതോടൊപ്പം ലോകത്തെ വിവിധ രാജ്യങ്ങളിൽ നിന്ന് എത്തിച്ച വിവിധ തരം ഈന്തപ്പഴങ്ങളുടെ ശേഖരവുമായി ഡേറ്റ് ഫെസ്റ്റും ലുലുവിൽ തുടരുകയാണ്.

# ഫയർസ്റ്റേഷനുകൾ ആരംഭിക്കും

തിരുവനന്തപുരം: മാവൂർ, നേര്യമംഗലം, ചീമേനി, രാജാക്കാട് എന്നിവിടങ്ങളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് ഫയർ സ്റ്റേഷനുകൾ ആരംഭിക്കാൻ മന്ത്രിസഭ യോഗം തീരുമാനിച്ചു. മാവൂർ സ്റ്റേഷൻ ആരംഭിക്കുന്നതിന് 18 തസ്തികകളും, നേര്യമംഗലം, ചീമേനി, രാജാക്കാട് എന്നീ സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് എസ്.ടി.ഒ –3, എ.എസ്.ടി.ഒ 3, എസ്.എഫ്. .ആർ.ഒ –4, എഫ്.ആർ.ഓ (ഡ്രൈവർ) ഒന്ന് എന്നീ തസ്തികകളും അനുവദിച്ചു. ഇതിലുപരിയായി ആവശ്യം വരുന്ന തസ്തികകൾ പുനർവിന്യാസത്തിലൂടെ കത്തെും.

# നേഴ്സിംഗ് കോളേജിൽ ഡ്രൈവർ ഒഴിവ്; 21 വരെ അപേക്ഷിക്കാം

**കൊച്ചി:** കേരള സർക്കാരിന് കീഴിൽ പള്ളുരുത്തിയിൽ പ്രവർത്തിക്കുന്ന സീമെറ്റ് കോളേജ് ഓഫ് നഴ്സിംഗിൽ താൽക്കാലിക അടിസ്ഥാനത്തിൽ ഹെവി ഡ്യൂട്ടിഡ്രൈവർമാരെ നിയമിക്കുന്നു. ദിവസവേതനം 730 രൂപ.

അപേക്ഷകർ പത്താം ക്ലാസ് പാസ്സായിരിക്കണം. കുറഞ്ഞത് 10 വർഷത്തെ പ്രവൃത്തിപരിചയവും 5 വർഷം ഹെവി ലൈസൻസ് പരിചയവും നിർബന്ധമാണ്. പ്രായപരിധി 55 വയസ്സ് (ഒ.ബി.സി വിഭാഗത്തിന് 3 വർഷവും, എസ്.സി/എസ്.ടി വിഭാഗത്തിന് 5 വർഷവും ഇളവ്) പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കണം. താൽപ്പര്യമുള്ളവർ ബയോഡാറ്റ, വയസ്സ്, യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സലും പകർപ്പും സഹിതം പള്ളുരുത്തി ഗവൺമെന്റ് താലൂക്ക് ഹോസ്പിറ്റൽ ക്യാമ്പസിൽ പ്രവർത്തിക്കുന്ന പ്രിൻസിപ്പാൾ ഓഫീസിൽ നേരിട്ട് അപേക്ഷ സമർപ്പിക്കണം. അവസാന തീയതി 2026 ഫെബ്രുവരി 21. ഓൺലൈൻ വഴിയുള്ള അപേക്ഷകളോ സമയപരിധിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകളോ പരിഗണിക്കില്ല.

# ആസ്റ്റർ മെഡ്സിറ്റി കേരള ബ്ലാസ്റ്റേഴ്സിന്റെ ഒഫീഷ്യൽ മെഡിക്കൽ പാർട്ണർ

കൊച്ചി: വരാനിരിക്കുന്ന ഐഎസ്എൽ സീസണിൽ കേരള ബ്ലാസ്റ്റേഴ്സ് എഫ്.സിയുടെ ഔദ്യോഗിക മെഡിക്കൽ പാർട്ണറായി ആസ്റ്റർ മെഡ്സിറ്റിയെ പ്രഖ്യാപിച്ചു. ക്ലബ്ബിലെ താരങ്ങളുടെയും സ്റ്റാഫിന്റെയും ആരോഗ്യം, ശാരീരികക്ഷമത, മികച്ച ചികിത്സാ സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കുന്നതാണ് ഈ പങ്കാളിത്തം. ഓർത്തോപീഡിക്സ്, കാർഡിയാക് സയൻസ്, ട്രോമ കെയർ തുടങ്ങിയ വിഭാഗങ്ങളിലെ ആസ്റ്റർ മെഡ്സിറ്റിയുടെ വൈദഗ്ധ്യം ക്ലബ്ബിന്റെ മെഡിക്കൽ വിഭാഗത്തിന് വലിയ കരുത്താകുമെന്നാണ് പ്രതീക്ഷയെന്ന് കേരള ബ്ലാസ്റ്റേഴ്സ് സിഇഒ അഭിക് ചാറ്റർജി പറഞ്ഞു

ടീമിന് മികച്ച മെഡിക്കൽ പിന്തുണ ഉറപ്പാക്കുന്നതിനൊപ്പം പരിക്കുകൾ തടയുന്നതിനുള്ള നൂതന മാർഗങ്ങൾ, മെച്ചപ്പെട്ട റീഹാബിലിറ്റേഷൻ രീതികൾ, സമഗ്രമായ ആരോഗ്യ പരിപാലന പരിപാടികൾ എന്നിവയിൽ ഇരു കൂട്ടരും സഹകരിച്ച് പ്രവർത്തിക്കും. കേവലം ഒരു മെഡിക്കൽ പിന്തുണ എന്നതിലുപരി, താരങ്ങളുടെ കരുത്തും പ്രകടനവും മെച്ചപ്പെടുത്തുന്നതിൽ പങ്കുചേരാനാണ് ലക്ഷ്യമിടുന്നതെന്ന് ആസ്റ്റർ മെഡ്സിറ്റി ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ഡോ. സുഹൈബ് ഖാദർ പറഞ്ഞു

# ഇന്ത്യൻ സ്റ്റാർട്ടപ്പുകൾക്ക് പിന്തുണ: ഫണ്ട് പ്രഖ്യാപിച്ച് ക്വാൽകോം

കൊച്ചി, : ക്വാൽകോം ഇൻകോർപ്പറേറ്റഡ് ഇന്ത്യയിലെ വേഗത്തിൽ വളർന്നുകൊിരിക്കുന്ന എഐയും സാങ്കേതിക സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനായി 150 മില്യൺ ഡോളർ വരെ നിക്ഷേപിക്കാൻ പദ്ധതിയിടുന്നതായി പ്രഖ്യാപിച്ചു. ഈ നിക്ഷേപം ക്വാൽകോം വെഞ്ചേഴ്സ് മുഖേന വിവിധ ഘട്ടങ്ങളിലുള്ള സ്റ്റാർട്ടപ്പുകളിൽ വിനിയോഗിക്കും.

ഓട്ടോമോട്ടീവ്, ഐഒടി, റോബോട്ടിക്സ്, മൊബൈൽ മേഖലകളിലെ എഐ പരിഹാരങ്ങൾക്കാണ് പ്രത്യേക ശ്രദ്ധ നൽകുകയെന്ന് കമ്പനിയുടെ സിഇഒ ക്രിസ്റ്റ്യാനോ അമോൺ പറഞ്ഞു. ഇന്ത്യയിലെ എഡ്ജ് എഐ നവീകരണത്തിന്റെ അടുത്ത ഘട്ടം മുന്നോട്ടുകൊുപോകുന്ന സ്ഥാപനങ്ങൾക്ക് പിന്തുണ നൽകുന്നതാണ് 'സ്ട്രാറ്റജിക് എഐ വെഞ്ചർ ഫ്' ലക്ഷ്യമിടുന്നത്. 2007 മുതൽ ഇന്ത്യയിൽ 40ത്തിലധികം സ്റ്റാർട്ടപ്പുകളിൽ നിക്ഷേപം നടത്തിയ ക്വാൽകോം, ആഗോള സാങ്കേതിക പരിജ്ഞാനവും വ്യവസായ ശൃംഖലയും ഉപയോഗപ്പെടുത്തി നവീന പരിഹാരങ്ങൾ വളർത്താൻ സഹായിക്കുമെന്നും അറിയിച്ചു.

# ക്വട്ടേഷൻ ക്ഷണിച്ചു

കൊച്ചി; മത്സ്യഫെഡ് എറണാകുളം നെറ്റ് ഫാക്ടറിയിൽ ഷെഡ്യൂൾ ചെയ്തിരിക്കുന്ന മൂന്ന് ഷിഫ്റ്റുകളിലേക്ക് സെക്യൂരിറ്റി സർവീസ് ലഭ്യമാക്കുന്നതിനായി അംഗീകൃത സെക്യൂരിറ്റി സർവീസ് ഏജൻസികളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷനുകൾ ഫെബ്രുവരി 24 ന് രാവിലെ 11 വരെ സമർപ്പിക്കാവുന്നതാണ്. ഫോൺ: 0484 2394410

സൊസൈറ്റി ടുഡേ
SOCIETY TODAY

# തിരഞ്ഞെടുപ്പ് ബോധവൽക്കരണം: തെരുവുനാടകം അരങ്ങേറി



*വോട്ടർ ബോധവൽക്കരണ തെരുവുനാടകത്തിന്റെ ഭാഗമായി തൃക്കാക്കര കെ.എം.എം കോളേജിലെ വിദ്യാർത്ഥികൾ തൃക്കാക്കര മുൻസിപ്പൽ ബസ് സ്റ്റാൻഡിൽ അവതരിപ്പിച്ച ഫ് ളാഷ് മോബ്*

**കൊച്ചി:** തൃക്കാക്കര കെ.എം.എം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ തിരഞ്ഞെടുപ്പ് സാക്ഷരതാ ക്ലബ്ബും ജില്ലാ ഭരണകൂടവും സംയുക്തമായി സിസ്റ്റമാറ്റിക് വോട്ടേഴ്സ് എഡ്യൂക്കേഷൻ ആൻഡ് ഇലക്ടറൽ പാർട്ടിസിപേഷൻ ( സ്വീപ്) പരിപാടിയുടെ ഭാഗമായി തെരുവുനാടകം സംഘടിപ്പിച്ചു. തൃക്കാക്കര മുനിസിപ്പൽ ബസ് സ്റ്റാൻഡിൽ അരങ്ങേറിയ തെരുവുനാടകം ചലച്ചിത്ര നടൻ സാജൻ പള്ളുരുത്തി ഉദ്ഘാടനം ചെയ്തു.

ജനാധിപത്യത്തിന്റ ഏറ്റവും വലിയ ഉത്സവമായ തിരഞ്ഞെടുപ്പിൽ പങ്കാളികൾ ആകാൻ എല്ലാവരും സമയം കത്തെണമെന്നും പൗരന്റെ അവകാശങ്ങൾ വിനിയോഗിക്കണം എന്നും അദ്ദേഹം പറഞ്ഞു.

യുവജനങ്ങളിൽ വോട്ടവകാശ ബോധം വളർത്തുക എന്നതായിരുന്നു പരിപാടിയുടെ ലക്ഷ്യം.

തെരുവ് നാടകത്തിനു പുറമെ വിദ്യാർത്ഥികളുടെ ഫ്ലാഷ്മോബും അരങ്ങേറി. കെ.എം.എം കോളേജ് പ്രിൻസിപ്പൽ ഡോ. സബാന ബക്കർ, സ്വീപ് എറണാകുളം അസിസ്റ്റന്റ് നോഡൽ ഓഫീസർ ജോസഫ് ആന്റണി ഹർട്ടിസ് എന്നിവർ പങ്കെടുത്തു.

## ന്യൂനപക്ഷ കമ്മീഷൻ സിറ്റിംഗ് : അഞ്ച് പരാതികൾ പരിഗണിച്ചു

**കൊച്ചി:** സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ അംഗം പി. റോസയുടെ നേതൃത്വത്തിൽ കാക്കനാട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന സിറ്റിംഗിൽ അഞ്ച് പരാതികൾ പരിഗണിച്ചു. വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിൽ വൈസ് പ്രിൻസിപ്പൽ തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് അധ്യാപകൻ സമർപ്പിച്ച പരാതി തീർപ്പാക്കി. ഇതേ വിഷയത്തിൽ ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്ന സാഹചര്യത്തിലാണ് കമ്മീഷൻ പരാതിയിന്മേലുള്ള തുടർനടപടികൾ അവസാനിപ്പിച്ചത്.തങ്ങൾക്ക് ഇഷ്ടദാനമായി ലഭിച്ച ഭൂമിയിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമ്മിക്കാൻ ഡേറ്റാ ബാങ്ക് പ്രശ്നം പറഞ്ഞ് അനുമതി ലഭ്യമാക്കുന്നില്ല എന്ന് ചൂിക്കാട്ടി ആമ്പല്ലൂർ വില്ലേജ് സ്വദേശിനി സമർപ്പിച്ച പരാതിയിൽ ഒരു മാസത്തിനകംവിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ കൃഷി ഓഫീസർക്ക് കർശന നിർദേശം കൊടുത്തു. മറ്റു പരാതികൾ അടുത്ത സറ്റിംഗിലേക്ക് മാറ്റിവെച്ചു.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശുവികസന വകുപ്പിന് കീഴിലുള്ള പള്ളുരുത്തി ഐ.സി.ഡി.എസ് പ്രോജക്റ്റിന് കീഴിലെ 93 അങ്കണവാടികളിലേക്ക് പ്രീസ്കൂൾ എഡ്യൂക്കേഷൻ കിറ്റുകൾ വിതരണം ചെയ്യുന്നതിന് ടെൻഡർ ക്ഷണിച്ചു.

മാർച്ച് രണ്ട് വരെ ടെൻഡറുകൾ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് പള്ളുരുത്തി ഐ.സി.ഡി.എസ് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

## ചീഫ് മിനിസ്റ്റേഴ്സ് മെഗാക്വിസ് ഗ്രാൻഡ് ഫിനാലെ ഫെബ്രുവരി 22ന് തിരുവനന്തപുരത്ത്

**കൊച്ചി:** കേരളത്തിന്റെ സാമൂഹിക, വികസന, ക്ഷേമ പ്രവർത്തനങ്ങളുടെ ചരിത്രവും വർത്തമാനവും പ്രമേയമാക്കി സംസ്ഥാന സർക്കാർ സംഘടിപ്പിച്ച ചീഫ് മിനിസ്റ്റേഴ്സ് മെഗാക്വിസിന്റെ ആദ്യ എഡിഷൻ ഗ്രാൻഡ് ഫിനാലെയും സമാപന സമ്മേളനവും സമ്മാനദാന ചടങ്ങും ഫെബ്രുവരി 22ന് തിരുവനന്തപുരം ഗവ. വിമൻസ് കോളേജ് ഓഡിറ്റോറിയത്തിൽ നടക്കും. രാവിലെ 9.30 ന് കോളേജ് വിഭാഗം മത്സരവും ഉച്ചക്ക് 1.30 ന് സ്കൂൾ വിഭാഗം മത്സരവും നടക്കും. സ്കൂൾ, കോളേജ് വിഭാഗങ്ങളിലായി ഏകദേശം അഞ്ച് ലക്ഷത്തോളം വിദ്യാർത്ഥികളാണ് വിവിധ ഘട്ടങ്ങളിലായി മത്സരത്തിൽ പങ്കെടുത്തത്.

ശരിയുത്തരങ്ങൾക്ക് കാണികൾക്കും സമ്മാനം ലഭിക്കുന്ന ജനകീയ ക്വിസ് ഷോയായാണ് മത്സരം സംഘടിപ്പിക്കുന്നത്. വൈകുന്നേരം 4.30 ന് നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയും വിജയികൾക്ക് സമ്മാനദാനം നിർവഹിക്കുകയും ചെയ്യും. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി അധ്യക്ഷത വഹിക്കും. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു മുഖ്യാതിഥിയായി പങ്കെടുക്കും. മേയർ വി വി രാജേഷ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി പ്രിയദർശിനി എന്നിവർ വിശിഷ്ടാതിഥികളാകും.

സ്കൂൾ വിഭാഗത്തിൽ ആദ്യ മൂന്ന് സ്ഥാനങ്ങൾ നേടുന്ന ടീമുകൾക്ക് യഥാക്രമം അഞ്ച് ലക്ഷം, മൂന്ന് ലക്ഷം, ര് ലക്ഷം രൂപയും കോളേജ് വിഭാഗത്തിൽ ആദ്യ മൂന്ന് സ്ഥാനങ്ങൾ നേടുന്ന ടീമുകൾക്ക് യഥാക്രമം മൂന്ന് ലക്ഷം, ര് ലക്ഷം, ഒരു ലക്ഷം രൂപയും ക്യാഷ് അവാർഡായി നൽകും. ഇതോടൊപ്പം പ്രശസ്തിപത്രവും മെമെന്റോയും സമ്മാനിക്കും.

## സൗജന്യ കമ്പ്യൂട്ടർ പരിശീലനം

**കൊച്ചി;** പട്ടികജാതി വികസന വകുപ്പിന് കീഴിൽ ആലുവ സബ് ജയിൽ റോഡിൽ പ്രവർത്തിക്കുന്ന ഗവ. പ്രീഎക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിൽ എറണാകുളം, കോട്ടയം, ഇടുക്കി, ആലപ്പുഴ എന്നീ ജില്ലകളിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി മൂന്നുമാസം ദൈർഘ്യമുള്ള സൗജന്യ കമ്പ്യൂട്ടർ പരിശീലനം നൽകുന്നു.

ഡാറ്റ എൻട്രി, ഡി.ടി.പി എന്നീ കോഴ്സുകളിലേക്കാണ് അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. 18നും 25നും ഇടയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. പത്താം ക്ലാസ് യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം.

ഡി.ടി.പി കോഴ്സിന് അപേക്ഷിക്കുന്നവർ ഡാറ്റ എൻട്രിയോ അല്ലെങ്കിൽ ഇംഗ്ലീഷ് ടൈപ്പ്റൈറ്റിംഗോ അറിഞ്ഞിരിക്കേണ്ടതാണ്. തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് ലഭിക്കുന്നതായിരിക്കും.

താൽപര്യമുള്ളവർ ഫോട്ടോ, ജാതി, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ഫെബ്രുവരി 28നകം അപേക്ഷ സമർപ്പിക്കണം.

അപേക്ഷാ ഫോമിനായി ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസുകളിലോ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളിലോ ആലുവ ഗവ. പ്രീഎക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിലോ ബന്ധപ്പെടാവുന്നതാണ്.ഫോൺ : 0484 2623304 , 9188581148 , 8921708401

